## കേരള സർക്കാർ

### സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - കോഴിക്കോട് ജില്ല — ആയഞ്ചേരി ഗ്രാമപഞ്ചായത്ത് - പഞ്ചായത്ത് ഭരണസമിതിയുടെ 02.05.2017 ലെ 1/മെയ്-02/2017(1),(2), 16.05.2017 ലെ 1/മെയ്-16/2017 തീരുമാനങ്ങൾ സ്റ്റേ ചെയ്തുകൊണ്ടും ഇവകൾ കേരള പഞ്ചായത്ത് രാജ് ആക്ട്, സെക്ഷൻ 191(2) പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ട്രിബ്യൂണലിന്റെ ഉപദേശത്തിനായി റഫർ ചെയ്തുകൊണ്ടും - ഉത്തരവ് പുറപ്പെടുവിക്കുന്നു

= = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = ===========

**തദ്ദേശസ്വയംഭരണ (ആർ.ബി) വകുപ്പ്**

**സ.ഉ.(സാധാ)നം. 1786/2017/തസ്വഭവ** **തിരുവനന്തപുരം, തീയതി:30/5/2017**

= = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = ========

പരാമർശം:
1. ആയഞ്ചേരി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 02.05.2017 ലെ 1/മെയ്-02/2017(1), (2) നമ്പർ തീരുമാനങ്ങൾ.
2. ആയഞ്ചേരി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 16.05.2017 ലെ 1/മെയ്-16/2017 നമ്പർ തീരുമാനം
3. ആയഞ്ചേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 17.05.2017 ലെ എ 1/1980/17 നമ്പർ കത്ത്.
4. സഅദുള്ള സഖാഫി, പ്രസിഡന്റ്, ഹിഫാസത്തുന്ന അസോസിയേഷൻ വടകര താലൂക്ക് സമർപ്പിച്ച 22.05.2017 ലെ നിവേദനം.
5. ശ്രീ.റ്റി.വി.കുഞ്ഞിരാമൻ മാസ്റ്റർ, മെമ്പർ വാർഡ് 10, ആയഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 24.05.2017 ലെ കത്ത്.
6. പഞ്ചായത്ത് ഡയറക്ടറുടെ 29.05.2017 ലെ സി5/18270/2017 നമ്പർ കത്ത്.

### ഉത്തരവ്

കോഴിക്കോട് ജില്ലയിലെ ആയഞ്ചേരി ഗ്രാമപഞ്ചായത്തിലെ ആയഞ്ചേരി വില്ലേജിൽ റീസർവ്വേ നമ്പർ 345/5 ൽപ്പെട്ട സ്ഥലത്ത് ഹിഫാസത്തുന്ന അസോസിയേഷനു വേണ്ടി 75.58 ച.മീറ്റർ വിസ്തീർണ്ണമുള്ള ഒരു കെട്ടിടം നിർമ്മിക്കുവാൻ 20.01.2017 ൽ ആയഞ്ചേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി അനുമതി നൽകിയിരുന്നു. എന്നാൽ പ്രസ്തുത നിർമ്മാണം സ്റ്റോപ്പ് മെമ്മോ നൽകി നിർത്തിവെക്കാനും മേൽപ്പറഞ്ഞ സ്ഥലത്ത് കെട്ടിട നിർമ്മാണം തടയുന്നതിന് പോലീസിനോട് ആവശ്യപ്പെടാനും പരാമർശം (1) പ്രകാരം ആയഞ്ചേരി ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനിച്ചിരുന്നു. മേൽപ്പറഞ്ഞ രണ്ട് തീരുമാനങ്ങളും നിയമപരമായി നിലനിൽക്കുന്നതല്ലെന്നും കേരള പഞ്ചായത്ത് രാജ് ആക്ട് പ്രകാരം

ഭരണസമിതിക്ക് നൽകപ്പെട്ടിട്ടുള്ള അധികാര സീമ ലംഘിക്കുന്നതാണെന്നും അത് പുനരവലോകനം ചെയ്യണമെന്നും ആയഞ്ചേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 16.05.2017 ന് ചേർന്ന ഭരണ സമിതി യോഗം പ്രസ്തുത വിഷയം ഒന്നാമത്തെ അജണ്ടയായി ചർച്ച ചെയ്യുകയും സെക്രട്ടറിയുടെ കുറിപ്പ് പരിഗണിക്കുകയും ചെയ്തു. എന്നാൽ നാട്ടിലെ സമാധാന അന്തരീക്ഷം നിലനിർത്തുന്നതിന് പ്രസ്തുത സ്ഥലത്തെ കെട്ടിട നിർമ്മാണം തടയേണ്ടത് അത്യാവശ്യമായതിനാൽ മേൽപ്പറഞ്ഞ രണ്ട് തീരുമാനങ്ങളിലും ഉറച്ച് നിൽക്കുന്നതിന് ഭരണസമിതി പരാമർശം (2) പ്രകാരം തീരുമാനിച്ചു. ഇക്കാര്യങ്ങൾ സർക്കാർ നിർദ്ദേശത്തിനും അനന്തര നടപടികൾക്കുമായി പരാമർശം (3) പ്രകാരം ആയഞ്ചേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(2) ഹിഫാസത്തുന്ന അസോസിയേഷന്റെ ഉടമസ്ഥതയിലുള്ള ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിന് നിയമപ്രകാരം നൽകിയ പെർമിഷൻ റദ്ദ് ചെയ്യരുതെന്ന് പഞ്ചായത്ത് ഡയറക്ടർക്കും ബന്ധപ്പെട്ട പഞ്ചായത്ത് ഉദ്യോഗസ്ഥന്മാർക്കും നിർദ്ദേശം നൽകണമെന്ന് കാണിച്ച് അസോസിയേഷൻ പ്രസിഡന്റ് പരാമർശം (4) പ്രകാരം സർക്കാരിനോട് അപേക്ഷിക്കുകകയുണ്ടായി.

(3) മേൽപ്പറഞ്ഞ വിഷയം പരാമർശം(6)ലെ പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ട് സഹിതം സർക്കാർ വിശദമായി പരിശോധിച്ചു. പ്രസ്തുത കേസിൽ കെട്ടിട നിർമ്മാണ പെർമിറ്റ് ആയഞ്ചേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി പുറപ്പെടുവിച്ചിട്ടുള്ളതിനാൽ അത് റിവ്യൂ ചെയ്യാനുള്ള പഞ്ചായത്ത് ഭരണ സമിതിയുടെ തീരുമാനം നിയമാനുസൃതമാണെന്ന് സർക്കാർ കാണുന്നില്ല

(4) മേൽപ്പറഞ്ഞ സാഹചര്യത്തിൽ, കോഴിക്കോട് ജില്ലയിലെ ആയഞ്ചേരി ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ പരാമർശം (1),(2) തീരുമാനങ്ങൾ പ്രഥമദൃഷ്ട്യാ നിയമാനുസൃതമല്ലെന്ന് കാണുന്നതിനാൽ ആ തീരുമാനങ്ങൾ 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 191(4) പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് താൽക്കാലികമായി സ്റ്റേ ചെയ്തുകൊണ്ടും ഈ വിഷയം കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 191(2) പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രിബ്യൂണലിന്റെ

ഉപദേശത്തിനായി റഫർ ചെയ്തുകൊണ്ടും, ഇക്കാര്യത്തിൽ നടപടിക്രമങ്ങൾ പൂർത്തിയാക്കി സർക്കാർ അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നത് വരെ പരാമർശം (1)ഉം (2)ഉം പ്രകാരമുള്ള ആയഞ്ചേരി ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ തീരുമാനങ്ങളുടെ തുടർനടപടികൾ പഞ്ചായത്ത് നിർത്തിവയ്ക്കേണ്ടതാണെന്ന് നിർദ്ദേശിച്ചു കൊണ്ടും ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

( ഗവർണറുടെ ഉത്തരവിൻപ്രകാരം)
**ഡി.ഹേമപ്രഭ**
**ജോയിന്റ് സെക്രട്ടറി**

സെക്രട്ടറി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രിബ്യൂണൽ, കോർട്ട് കോംപ്ലക്സ്, വഞ്ചിയൂർ, തിരുവനന്തപുരം (മുകളിൽ പരാമർശിച്ച പ്രമാണങ്ങൾ സഹിതം).
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പ്രസിഡന്റ്, ആയഞ്ചേരി ഗ്രാമപഞ്ചായത്ത്, കടമേരി പി.ഒ, കോഴിക്കോട്
സെക്രട്ടറി, ആയഞ്ചേരി ഗ്രാമപഞ്ചായത്ത്,കടമേരി പി.ഒ, കോഴിക്കോട്
സഅദുള്ള സഖാഫി, പ്രസിഡന്റ്, ഹിഫാസത്തുന്ന അസോസിയേഷൻ, പൈങ്ങോട്ടായി, വടകര താലൂക്ക് , തറോപൊയിൽ
ശ്രീ.റ്റി.വി.കുഞ്ഞിരാമൻ മാസ്റ്റർ, മെമ്പർ വാർഡ് 10, ആയഞ്ചേരി ഗ്രാമപഞ്ചായത്ത്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) ,കേരള, തിരുവനന്തപുരം.
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം( ഉത്തരവ് വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ